## കാരുണ്യ ഫാർമസികളിലെ മരുന്നുക്ഷാമം

60 (2345) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ഫാർമസികളിൽ മരുന്നുക്ഷാമം അനുഭവപ്പെടുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) എല്ലാ താലൂക്ക് ആശുപത്രികളിലും കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ എന്തെങ്കിലും മാനദണ്ഡം ഉണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 20 കമ്മ്യൂണിറ്റി ഫാർമസികൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. താലൂക്ക് അടിസ്ഥാനത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള പദ്ധതി തൽക്കാലം പരിഗണനയിലില്ല. സർക്കാർ മെഡിക്കൽ കോളേജുകളിലും പ്രധാനപ്പെട്ട മറ്റ് സർക്കാർ ആശുപത്രികളുടെയും പരിസരത്തായാണ് നിലവിൽ ഫാർമസികൾ ആരംഭിച്ചിട്ടുള്ളത്.

## മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ധനകാര്യവകുപ്പിന്റെ പരിശോധന

61 (2346) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ധനകാര്യവകുപ്പിന്റെ പരിശോധനാവിഭാഗം നടത്തിയ പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 2011-12 സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ M/s B. Braun Medicals (India) Ltd-ന്റെമാത്രം Price Bid-ന്റെ അടിസ്ഥാനത്തിൽ മരുന്ന് സംഭരണം നടത്തിയ ഇനത്തിൽ സർക്കാരിന് ധനനഷ്ടമുണ്ടായതായി ധനവകുപ്പ് റിപ്പോർട്ട് ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയും ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്കെതിരെയും നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. പരിശോധനാ റിപ്പോർട്ടിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

### മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഓഡിറ്റ്

62 (2347) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ടി ഓഡിറ്റ് പ്രകാരം ഏതെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

### അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

63 (2348) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവയവദാനത്തിന് സന്നദ്ധരായി വളരെയേറെപ്പേരും സംഘടനകളും രംഗത്തുവരുന്നത് ഉപയോഗപ്പെടുത്തി കൂടുതൽ രോഗികൾക്ക് ഇപ്രകാരം ലഭിക്കുന്ന അവയവങ്ങൾ ഉപയോഗിക്കുന്നതിനും അവരുടെ ജീവൻ രക്ഷിക്കുന്നതിനും കൈക്കൊണ്ടിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) അവയവദാനത്തെ പ്രോത്സാഹിപ്പിക്കുവാനും യഥാസമയം അവയവങ്ങൾ ശേഖരിക്കുവാനും ഇവ രോഗികൾക്ക് പ്രയോജനപ്പെടുത്തുവാനും വേണ്ടി ഈ സർക്കാരിന്റെ കാലയളവിൽ ചെലവഴിച്ചതുകയും അതിലൂടെ രക്ഷിച്ച ജീവനുകളും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ മുൻകൈയെടുത്തുശേഖരിക്കുന്ന അവയവങ്ങൾ സ്വകാര്യ ആശുപത്രികളിലെത്തുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിന് വിനിയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ അപ്രകാരം അവയവങ്ങൾ സ്വകാര്യസ്ഥാപനങ്ങൾക്ക് വിട്ടുനൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും നടപടി എന്താണെന്നും വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly